**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2906** **03-08-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ പാസ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്ര ചെയ്യാൻ സൗജന്യ പാസ്സ് അനുവദിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഏതെല്ലാം വിഭാഗങ്ങൾക്കാണ് സൗജന്യ പാസ്സ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | വിദ്യാർത്ഥികൾ, വികലാംഗർ, അന്ധർ, ബധിര-മൂകർ, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം ഉള്ളവർ, അവരെ അനുഗമിക്കുന്നവർ, ക്യാൻസർ രോഗികൾ, വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച സർക്കാർ നിർദ്ദേശിച്ചിട്ടുള്ള അവാർഡ് ജേതാക്കൾക്കുള്ള കോംപ്ലിമെന്ററി പാസുകൾ, എം.എൽ.എ, എം.പി, മുൻ എം.എൽ.എ, മുൻ എം.പി. എന്നിവർക്കും പത്രപ്രവർത്തകർക്കും സൗജന്യ / കൺസഷൻ യാത്രാപാസ് അനുവദിച്ചിട്ടുണ്ട്. |
| (സി) | കൺസഷൻ നിരക്കിൽ യാത്ര ചെയ്യാൻ വിദ്യാർത്ഥികൾക്കോ മറ്റേതെങ്കിലും വിഭാഗങ്ങൾക്കോ സംവിധാനം ഉണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | ഉണ്ട്. പ്ലസ് 2 തലം വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര അനുവദിച്ചിട്ടുണ്ട്. പ്ലസ് ടു തലത്തിന് മുകളിൽ പഠിക്കുന്ന വിദ്യാർത്ഥി കൾക്കും സംസ്ഥാനത്തിന് അകത്ത് കൺസഷൻ യാത്ര അനുവദിച്ചിട്ടുണ്ട്. |
| (ഡി) | കാസർകോട് പോലെ മറ്റു സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലകളിൽ നിന്ന് ഇതര സംസ്ഥാനങ്ങളിലെ മംഗലാപുരം പോലെയുള്ള സ്ഥലങ്ങളിലേക്ക് ദിവസേന യാത്ര ചെയ്തു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകാറുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ഡി) | കെ.എസ്.ആർ.ടി.സി നിലവിൽ അന്തർ സംസ്ഥാന റൂട്ടുകളിൽ, അയൽ സംസ്ഥാന ങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് ദിവസേന യാത്ര ചെയ്യുന്ന വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിച്ചു വരുന്നില്ല. |
| (ഇ) | ഇല്ലെങ്കിൽ മറ്റു സംസ്ഥാന സർക്കാരുകളുടെ ബസ്സുകളിൽ മലയാളി വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകുമ്പോൾ കെ.എസ്.ആർ.ടി.സി. യിൽ എന്തു കൊണ്ട് നൽകുന്നില്ലെന്ന് വിശദമാക്കാമോ; ഇത്തരം വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഇ) | കെ.എസ്.ആർ.ടി.സി അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുന്നതിനാൽ അന്തർ സംസ്ഥാന റൂട്ടുകളിൽ, അയൽ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് ദിവസേന യാത്ര ചെയ്യുന്ന വിദ്യാർത്ഥികൾക്ക് കൺസഷൻ നിലവിൽ നൽകുന്നില്ല. ഇനി നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ